**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1921** **12-09-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ നടപ്പാക്കി വരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്തെല്ലാമാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ പദ്ധതിക്കും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിയുടേയും പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള സാമൂഹ്യ സുരക്ഷ മിഷൻ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം

1. **ആശ്വാസകിരണം**

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും , 100% അന്ധത ബാധിച്ചവരെയും , ബുദ്ധിമാന്ദ്യം , ഓട്ടിസം , സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

| ക്രമ നം | സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 4000 lakhs | 4000 lakhs | 4000 laksh | 96086 |
| 2 | 2022-23 | 4250 lakhs | 2500 lakhs | 2421 lakhs | 38104 |
| 3 | 2023-24 | 5400 lakhs | 1500 lakhs | 1479 lakhs | 18962 |

2. **ക്യാൻസർ സുരക്ഷാ പദ്ധതി** : 2008 നവംബർ 1 -നാണ് പദ്ധതി ആരംഭിച്ചത്. 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു. 2023-24 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പാക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 2416.08 lakhs | 2416.08 lakhs | 2416.08 lakhs | 8412 |
| 2 | 2022-23 | 440 lakhs | 440 lakhs | 439 lakhs | 8652 |
| 3 | 2023-24 | l lakhs | 0 | 0 | |

3. **താലോലം പദ്ധതി** : 2010 ജനുവരി 1-നാണ് പദ്ധതി ആരംഭിച്ചത്. ജ ൃ നായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു. 2023-24 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പാക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 1268.81 lakhs | 1268.81 lakhs | 1268.81 lakhs | 19364 |
| 2 | 2022-23 | 700 lakhs | 700 lakhs | 700 lakhs | 18517 |
| 3 | 2023-24 | 1 lakhs | 0 | 0 | 0 |

4. **സമാശ്വാസം പദ്ധതി :**

വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപയും വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപയും നോൺട്രൈബൽ

വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകി വരുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 500 lakhs | 500 lakhs | 499.40 lakhs | 2662 |
| 2 | 2022-23 | 600 lakhs | 390 lakhs | 389 lakhs | 2977 |
| 3 | 2023-24 | 600 lakhs | 30 lakhs | 29.99 lakhs | 2671 |

5. **സ്നേഹസാന്ത്വനം (കാസർഗോഡ് ജില്ലയിൽ മാത്രം)**

(എ) എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനുവേണ്ടി നിരവധി പദ്ധതികളും പരിപാടികളും സർക്കാർ നടപ്പാക്കി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം 1200/-, 1700/-, 2200/- എന്നീ നിരക്കിൽ പ്രതിമാസ ധനസഹായം നൽകി വരുന്നു.

(ബി) സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു.

(സി) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000, 3000, 4000 എന്നീ നിരക്കിലുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായവും നൽകി വരുന്നു

| ക്രമ നം | സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 1900 lakhs | 1900 lakhs | 1307.65 lakhs | 6941 |
| 2 | 2022-23 | 1700 lakhs | 1700 lakhs | 1240.96 lakhs | 6864 |
| 3 | 2023-24 | 1700 lakhs | Nil | Nil | Nil |

6. **വയോമിത്രം പദ്ധതി** : നഗരസഭകളുമായി ചേർന്നു കൊണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം. ഈ പദ്ധതി സംസ്ഥാനത്തെ 91 നഗരസഭാ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തിലും കൂടി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 95 വയോമിത്രം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. പദ്ധതിയിൽ വാതിൽപ്പടി സേവനം കൂടി ഉൽപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്. ഇതിലൂടെ മെഡിക്കൽ സംഘം കിടപ്പിലായ മുതിർന്ന പൌരരുടെ വീടുകളിൽ എത്തി ആവശ്യമായ മരുന്നുകൾ / മറ്റു സേവനങ്ങൾ ലഭ്യമാക്കുന്നു. ഈ വർഷം മുതൽ അൽഷിമേർസ് / ഡിമെൻഷ്യ ബാധിതരെ കണ്ടെത്തുന്നതിനു വേണ്ട നടപടികൾ കൂടി വയോമിത്രം പദ്ധതിയിൽ ഉൽപ്പെടുത്തി നടപ്പാക്കുന്നു.

| ക്രമ നം | സാമ്പത്തിക വര്ഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 4708.60 lakhs | 4708.60 lakhs | 4707.25 lakhs | 278623 |
| 2 | 2022-23 | 2750 lakhs | 2365 lakhs | 2364.92 lakhs | 289030 |
| 3 | 2023-24 | 2750 lakhs | 1045 lakhs | 550 lakhs | 289582 |

7. **സ്നേഹസ്പർശം പദ്ധതി** : 2010-11 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം 2000/- രൂപ ധനസഹായം അനുവദിച്ചു വരുന്നു.

| ക്രമ നം | സാമ്പത്തിക വര്ഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 200 lakhs | 200 lakhs | 200 lakhs | 1483 |
| 2 | 2022-23 | 200 lakhs | 200 lakhs | 200 lakhs | 538 |
| 3 | 2023-24 | 200 lakhs | 76 lakhs | 62.48 lakhs | 552 |

**8. ശ്രുതിതരംഗം പദ്ധതി :** 5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ.ഉ (എം.എസ്)നം.640/17/സാനീവ തീയതി: 28/09/17 ഉത്തരവ് പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് രക്ഷിതാക്കളുടെ സ്വന്തം ചിലവിൽ കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തിയ 25 വയസ്സ വരെയുള്ളവർക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്ത് എക്സ്റ്റൻഡഡ് വാറന്റി നൽകുന്നതിനുള്ള ധ്വനി പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ.ഉ (ആർ.ടി) നം. 79/2020/സാ.നീ.വ തീയതി 14.02.2020 പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിൻറനൻസ് നടത്തി നൽകുന്നതിനായി മാനദണ്ഡങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേനെ നടപ്പാക്കുന്നു.

| ക്രമ നം | സാമ്പത്തിക വര്ഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 800 lakhs | 800 lakhs | 799.77 lakhs | 312 |
| 2 | 2022-23 | 800 lakhs | 800 lakhs | 764.24 lakhs | 350 |
| 3 | 2023-24 | 1 lakhs | 0 | 0 | 0 |

**9. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി :**

സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. കൂടാതെ ദേശീയ തലത്തിൽ വൈകല്യമുള്ള വ്യക്തികളുടെ സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുന്നതിനും, ഇവർക്ക് ദേശീയ തലത്തിൽ ഏകീകൃത രൂപത്തിലുള്ള തിരിച്ചറിയൽ കാർഡുകൾ (UDID – Unique ID for Persons with Disabilities) നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിന്റെ Ministry of Social Justice & Empowerment , Department of Empowerment of Persons with Disabilities രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ software ഉം ദേശീയ തലത്തിൽ

തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന 13 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു.

| ക്രമ നം | സാമ്പത്തിക വര്ഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 100 lakhs | 18.04 lakhs | 17.529 lakhs | 18081 |
| 2 | 2022-23 | 100 lakhs | 62 lakhs | 46.29 lakhs | 91592 |
| 3 | 2023-24 | 100 lakhs | 20 lakhs | 1 lakh | 15137 |

**10. സ്നേഹപൂർവ്വം പദ്ധതി:** മാതാപിതാക്കളിൽ ആരെങ്കിലുംമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

| ക്രമ നം | സാമ്പത്തിക വര്ഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 4510.30 lakhs | 4510.30 lakhs | 4510.29 lakhs | 70881 |
| 2 | 2022-23 | 1700 lakhs | 1104 lakhs | 1104 lakhs | 21742 |
| 3 | 2023-24 | 1700 lakhs | 0 | 0 | 0 |

**11. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച പുതിയ പദ്ധതിയാണ് മിഠായി. Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി. continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്.

| ക്രമ നം | സാമ്പത്തിക വര്ഷം | ബജറ്റ് വിഹിതം | ലഭിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2021-22 | 380 lakhs | 380 lakhs | 205.42 lakhs | 1128 |
| 2 | 2022-23 | 380 lakhs | 380 lakhs | 378 lakhs | 1469 |
| 3 | 2023-24 | 380 lakhs | 76 lakhs | 8.25 lakhs | |

**12. വീ കെയർ**

ജീവൻ രക്ഷാ ചികിത്സകൾക്കും ശസ്ത്രക്രിയയ്ക്കും അതോടനുബന്ധിച്ചുള്ള ആശുപ്രതി ചികിത്സാ ചെലവിനും നിബന്ധനകൾക്ക വിധേയമായും മാനദണ്ഡങ്ങളനുസരിച്ചും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് വീ കെയർ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീ കെയർ പദ്ധതിവഴി അവയവമാറ്റിവെക്കൽ ശസ്ത്രക്രിയകൾ, ഹൃദയ ശസ്ത്രക്രിയകൾ, മറ്റു ജീവൻ രക്ഷ ചികിത്സകൾ ഉൾപ്പെടെ 2021-22 സാമ്പത്തിക വർഷത്തിൽ 291 ഗുണഭോക്താക്കൾക്കായി 6.64 കോടിയും, 2022-23 സാമ്പത്തിക വർഷത്തിൽ 100 ഗുണഭോക്താക്കൾക്കായി 2.8 കോടിയും, 2023-24 സാമ്പത്തിക വർഷത്തിൽ (ഏപ്രിൽ മുതൽ ജൂൺ വരെ) 14 ഗുണഭോക്താക്കൾക്കായി 46 ലക്ഷം രൂപ ചികിത്സ ആനുകൂല്യം അനുവദിച്ചു. വീ കെയൽ പദ്ധതിവഴി നിലവിൽ ഇതുവരെ 1800 അധികം ഗുണഭോക്താക്കൾക്കായി 27 കോടി രൂപയുടെ സഹായം അനുവദിക്കുകയും അവരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്തിട്ടുണ്ട്.

**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്**

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന കേരള സാമൂഹ്യ സുരക്ഷാമിഷന്റെ യൂണിറ്റാണ് **സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ**

**ഡിസെബിലിറ്റീസ്.** വൈകല്യത്തിന് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുക, വൈകല്യം എത്രയും നേരത്തെ കണ്ടെത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ വൈകല്യത്തിന്റെ തീവ്രത ലഘൂകരിക്കുക (Early Screening, Early Detections and Early Intervention) എന്ന സമീപനത്തിലധിഷ്ഠിതമായ പദ്ധതികളാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഇപ്പോൾ രൂപം നൽകി നടപ്പാക്കി വരുന്നത്. 2017 ജൂൺ മാസം മുതൽ അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടിയുടെ ഭാഗമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലെ പ്രോജക്ടുകളുടെ നിർവ്വഹണം നടത്തി വരുന്നത്.

സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ഓരോ വർഷവും വകയിരുത്തുന്ന തുക വിനിയോഗിച്ചാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ പദ്ധതികൾ നടപ്പാക്കുന്നത്. ഭിന്നശേഷി മേഖലയിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി, അവയെ പദ്ധതികളാക്കി രൂപീകരിച്ച് വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് പദ്ധതി ഘടകങ്ങൾക്ക് അംഗീകാരം വാങ്ങി, സർക്കാർ ഉത്തരവായി ഭരണാനുമതി ലഭ്യമാക്കിയാണ് സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ പ്രോജക്റ്റുകൾ നടപ്പാക്കുന്നത്. നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

A. **പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

1. **റീജിയണല് ഏര്ളി ഇന്റര്വെന്ഷൻ സെന്റർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ(തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെൻററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടറാണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച്

തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം കരാറടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

2. **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെൻറൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സഹകരണത്തോടെയാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.

3. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം

ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

4. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിന്റെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ആവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും സ്പെഷ്യൽ അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

5. **ഹെല്പ്പ് ഡെസ്ക്**

ഭിന്നശേഷിക്കാർക്ക് ലഭ്യമാവുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

6. **ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലമുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക്

മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി ഒരു സ്റ്റേറ്റ് രജിസ്ട്രി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ സെന്ററുകളായ തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ രോഗികൾക്ക് മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

| Sl. No. | Financial Year | Budget Allocation (in lakh) | Amount allotted to DDO Code (in lakh) | Expenditure (in lakh) | Beneficiaries |
|---|---|---|---|---|---|
| 1. | 2021-22 | 1166.46 | 1089.34 | 1028.56 | 56933 |
| 2. | 2022-23 | 1150 | 350.69 | 193.44 | 77710 |
| 3. | 2023-24 (upto July 2023 | 1150 | 426.48 | 140.52 | 23268 |

B) **കാതോരം**

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

1. **നവജാത ശിശുക്കളുടെ കേൾവി പരിശോധന**

ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിൻറുകളിൽലഭ്യമാക്കിയിട്ടുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകൗസ്റ്റിക് എമിഷൻ സ്ക്രീനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സിന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു. ഈ

പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, JPHN മാരുടെ വേതനം, പരിശീലനം തുടങ്ങിയവ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിൽ നിന്നും നൽകുന്നു.

2. **BERA സംവിധാനം**

കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

3. **ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ**

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തുന്നതിനുള്ള സൗകര്യം ശ്രുതിതരംഗം പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനു ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി നിപ്മർ തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

| Sl. No. | Financial Year | Budget Allocation (in lakh) | Amount allotted to DDO Code (in lakh) | Expenditure (in lakh) | Beneficiaries |
|---|---|---|---|---|---|
| 1. | 2021-22 | 250 | 249.20 | 176.55 | 1,18,981 |
| 2. | 2022-23 | 250 | 249.01 | 163.54 | 1,12,376 |
| 3. | 2023-24 (upto July 2023 | 250 | 95 | 53.14 | 37,458 |

C. **ഓട്ടിസം സ്പെക്ട്രം ഡിസോഡർ ഉള്ള കുട്ടികളുടെ പുനരധിവാസ പദ്ധതി:**

1. **ഓട്ടിസം സെന്ററുകൾ**

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെൻററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെൻറ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

2. **റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന് റ് റിസർച്ച് സെന്റർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.

3. **ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റെർ**

ഓട്ടിസം ബാധിതരായ മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

| Sl. No. | Financial Year | Budget Allocation (in lakh) | Amount allotted to DDO Code (in lakh) | Expenditure (in lakh) | Beneficiaries |
|---|---|---|---|---|---|
| 1. | 2021-22 | 400 | 337.72 | 300.51 | 23,293 |
| 2. | 2022-23 | 400 | 286.95 | 227.61 | 22,589 |
| 3. | 2023-24 (upto July 2023 | 400 | 151.99 | 64.13 | 6,392 |

D. **<u>പരിശീലനം, ശില്പശാലകൾ, ഗവേഷണം</u>**

1. **സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ &റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

2. **മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസപദ്ധതിയുടെ ഭാഗമായി തിരുവനന്തപുരംമാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം**

തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂടി കൂടെ നിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഫാമിലി ഷോർട്ട് സ്റ്റേ ഹോമിന്റെ കെട്ടിടനിർമ്മാണം നടന്നു വരുന്നു.

3. **ഹോർട്ടികൾച്ചർ തെറാപ്പി**

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പി പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഉദ്യാന പരിപാലന

പ്രവർത്തനങ്ങളിലൂടെ ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിക്കുകയും തൊഴിൽ ചെയ്യുന്നതിനുള്ള ആത്മവിശ്വാസം അവരിലുണ്ടാക്കിയെടുക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട്, കാർഷിക കോളേജ് മുഖേന ആരംഭിച്ചിട്ടുണ്ട്.

| Sl. No. | Financial Year | Budget Allocation (in lakh) | Amount allotted to DDO Code (in lakh) | Expenditure (in lakh) | Beneficiaries |
|---|---|---|---|---|---|
| 1. | 2021-22 | 200 | 162.00 | 111.11 | 525 |
| 2. | 2022-23 | 200 | 124 | 69.29 | 474 |
| 3. | 2023-24 (upto July 2023 | 200 | 76 | 37.53 | 121 |

E. **രക്ത സംബന്ധമായതും, നാഡീവ്യൂഹ സംബന്ധമായതുമായ തകരാറുകൾ കാരണം ഉണ്ടാകുന്ന വൈകല്യങ്ങളുടെ പ്രതിരോധം, പ്രാരംഭ നിർണ്ണയം, രോഗ നിവാരണം തുടങ്ങിയവക്കുള്ള പദ്ധതികൾ**

1. **ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകള് ബാധിച്ചവര്ക്കായുള്ള പദ്ധതികൾ**

നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും, വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

2. **മൾട്ടിപ്പിൾ സ്ക്ലീറോസിസ്മൂലമുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ആശുപത്രിയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി രോഗികൾക്ക് മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

| Sl. No. | Financial Year | Budget Allocation (in lakh) | Amount allotted to DDO Code (in lakh) | Expenditure (in lakh) | Beneficiaries |
|---|---|---|---|---|---|
| 1. | 2021-22 | 200 | 166.67 | 5.20 (Bill Not received from KMSCL & NIPMR and hence amount not released | 93 |
| 2. | 2022-23 | 100 | 65 | 65 | 564 |
| 3. | 2023-24 (upto July 2023 | 100 | Allotment Not received | - | 228 |